വിതരണം നടന്നുവരുന്നു. പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പു കല്പിക്കാൻ എല്ലാ താലൂക്ക് സപ്ലൈ/സിറ്റിറേഷനിംഗ് ആഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടുതൽ ജീവനക്കാരേയും കമ്പ്യൂട്ടർ ഉൾപ്പെടെ അനുബന്ധ സാമഗ്രികളും ലഭ്യമാക്കി കാർഡ് തയ്യാറാക്കൽ ത്വരിതപ്പെടുത്താൻ സി-ഡിറ്റിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ ബാക്കിയുള്ള അപേക്ഷകളിൽ 31-12-2010-നകം കാർഡ് വിതരണം നടത്താനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റേഷൻ കാർഡ് പുതുക്കുന്ന നടപടികളുമായി ബന്ധപ്പെട്ട് 2007 മുതൽ കാർഡ് സംബന്ധമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ആയത് 2010-ലാണ് വീണ്ടും തുടങ്ങിയത്. അതുകൊണ്ട് വൻതോതിൽ അപേക്ഷകൾ ലഭിക്കുകയും പരിമിതമായ സൗകര്യങ്ങൾ വച്ചു കൊണ്ട് സമയബന്ധിതമായി കാർഡ് വിതരണം നടത്താൻ കഴിയാതെ വരികയും ചെയ്തു. 31-5-2010-വരെ ഏകദേശം 7.5 ലക്ഷം അപേക്ഷകൾ ലഭിക്കുകയുണ്ടായി. അവ വിതരണം നടത്തുന്നതുവരെ പുതിയ അപേക്ഷ സ്വീകരിക്കുന്നത് താൽക്കാലികമായി നിർത്തി വച്ചിരുന്നു. തുടർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ കാർഡ് വിതരണം നടത്തി 31-5-2010 വരെ ലഭിച്ച അപേക്ഷകളിൽ ഏതാണ്ട് എല്ലാവർക്കും പുതിയ റേഷൻ കാർഡ് നല്കിയിട്ടുണ്ട്. അതിനുശേഷം ഓൺലൈനായും നേരിട്ടും പുതിയ കാർഡിനും തെറ്റുതിരിത്തുന്നതിനുമുള്ള അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്. പ്രസ്തുത അപേക്ഷകളിലും പുതിയ റേഷൻകാർഡ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. കുടിശ്ശികയുള്ള അപേക്ഷകളിൽ 31-12-2010-ന് മുമ്പ് തീർപ്പ് കല്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. അതിന് ആവശ്യമായ അധിക ജീവനക്കാരെയും അനുബന്ധ സാമഗ്രികളും സി-ഡിറ്റ് മുഖേന സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

രണ്ടു രൂപ നിരക്കിൽ അരി

89 (155) ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിലോഗ്രാമിന് രണ്ടു രൂപ നിരക്കിൽ സംസ്ഥാനത്ത് എത്ര പേർക്ക് ഇപ്പോൾ അരി ലഭിക്കുന്നുണ്ട് ;

(ബി) വിവിധ ക്ഷേമനിധികളിൽ അംഗങ്ങളായവർക്ക് ഈ നിരക്കിൽ അരി നൽകുന്നുണ്ടോ ; എങ്കിൽ ഇതിനായി ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ക്ഷേമനിധി അംഗങ്ങൾക്കുകൂടി രണ്ടു രൂപ നിരക്കിൽ അരി ലഭിക്കുന്നതോടുകൂടി സംസ്ഥാനത്ത് ഈ നിരക്കിൽ അരി ലഭിക്കുന്നവരുടെ എണ്ണം എത്രയാകുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 1460807 കുടുംബങ്ങളും എ.എ.വൈ വിഭാഗത്തിൽപ്പെട്ട 589946 കുടുംബങ്ങളും എ.പി.എൽ വിഭാഗത്തിൽപ്പെട്ട 670173 കുടുംബങ്ങളും ഉൾപ്പെടെ 2720926 കുടുംബങ്ങൾക്ക് രണ്ടു രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു.

(ബി) ഉണ്ട്. ഇതിനായി അതാത് ക്ഷേമനിധി ബോർഡിൽ അംഗമാണ് എന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കിയാൽ മതിയാകും.

(സി) വിവിധ ക്ഷേമനിധികളിൽ അംഗങ്ങളായവർ ഉൾപ്പെടെയുള്ള 40 ലക്ഷം കുടുംബങ്ങൾക്ക് രണ്ടു രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

സപ്ലൈകോ വഴിയുള്ള അവശ്യ സാധനങ്ങളുടെ വിതരണം

90 (156) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ വഴി 13 അവശ്യസാധനങ്ങൾ നിശ്ചിത വിലയ്ക്ക് വിൽക്കുന്നുണ്ടോ ; എങ്കിൽ ഇവ ഏതൊക്കെ ; ഓരോന്നിന്റെയും കിലോ ഗ്രാമിലുള്ള വില എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോ വഴി എത്ര വില്പനശാലകൾ തുറന്നിട്ടുണ്ട് ; എവിടെയെക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി മാറ്റുന്ന പ്രക്രിയ ഏത് ഘട്ടം വരെയായി ;

(ഡി) സംസ്ഥാനത്ത് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ തുറന്നിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സപ്ലൈകോ വിൽപ്പനശാലകൾ വഴി ഇപ്പോൾ നൽകുന്ന സബ്സിഡി ഇനങ്ങൾ.

	ഇനം	സപ്ലൈകോ വില
	(1)	(2)
1	ചെറുപയർ	28
2	ഉഴുന്നു തൊലി കളഞ്ഞത്	36
3	ഉഴുന്ന് പിളർന്നത്	31
4	വൻകടല	20
5	വൻപയർ	26.50

LIBRARY ARCHIVES Kerala Legislative Assembly